# മുഹമ്മദ് നബിയെ മനസ്സിലാക്കുമ്പോൾ

ടി.കെ.എം ഇഖ്ബാൽ

**മുഹമ്മദ്** നബിയെ നിഷ്പക്ഷമായി പഠിക്കാൻ ശ്രമിച്ച എല്ലാ ചരിത്രകാരന്മാരും ആ വ്യക്തിത്വത്തിന്റെ അസാധാരണത്വത്തിന് മുമ്പിൽ വിസ്മയം പൂണ്ട് പകച്ചുനിന്നിട്ടുണ്ട്. ചരിത്രത്തിലെ മഹാരപുരുഷന്മാരെ വിലയിരുത്താനുപയോഗിക്കുന്ന സാധാരണ മാനദണ്ഡങ്ങൾ മതിയാവുകയില്ല മുഹമ്മദ് നബിയെ വിലയിരുത്താൻ. മറ്റെല്ലാ മഹാന്മാരും വിപ്ലവകാരികളും ജീവിതത്തിന്റെ ചില പ്രത്യേക മേഖലകളിൽമാത്രം ഒതുങ്ങിനിന്ന് പ്രവർത്തിച്ചവരായിരുന്നു. അവരുടെ വിപ്ലവങ്ങൾ വ്യക്തിയെയും സമൂഹത്തെയും പൂർണമായി അഴിച്ചുപണിയാൻപോന്നവയായിരുന്നില്ല. മുഹമ്മദ് നബിയുടെ വ്യക്തിത്വം പോലെത്തന്നെ അദ്ദേഹം വരുത്തിയ പരിവർത്തനവും എല്ലാ അർഥത്തിലും സമഗ്രമായിരുന്നു. ഈ സമഗ്രതയാണ് ചരിത്രകാരന്മാരെ വിസ്മയഭരിതരാക്കുന്നതും.

മുഹമ്മദ് നബി 'പ്രവാചകന്മാരിൽ ഒരു പ്രവാചകൻ' മാത്രമല്ല; അവസാനത്തെ പ്രവാചകനുമാണ്. അദ്ദേഹത്തിനുശേഷം ദൈവിക വെളിപാടുമായി ഒരു പ്രവാചകൻ അവതരിച്ചതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നില്ല. പ്രവാചകത്വവാദവുമായി പലരും രംഗപ്രവേശം ചെയ്തിട്ടുണ്ടെങ്കിലും ചരിത്രത്തിന്റെ ചവറുകൂനയിലേക്ക് അവർ തള്ളപ്പെട്ടിട്ടുമുണ്ട്. ശ്രദ്ധേയമായ ഒരു ശക്തിയായി ലോകത്ത് വേരുപിടിക്കാനോ സമൂഹത്തിൽ പരിവർത്തനം വരുത്താനോ അവർക്കാർക്കും കഴിഞ്ഞിട്ടില്ല. ദൈവിക വെളിപാടുകളായി അവർ അവതരിപ്പിച്ച വചനങ്ങൾ സ്വയം സ്പഷ്ടമായ കുറേ ജൽപനങ്ങളിൽ കവിഞ്ഞൊന്നുമല്ലെന്ന് പ്രഥമദൃഷ്ട്യാതന്നെ മനസ്സിലാക്കാവുന്നതേയുള്ളൂ. മുഹമ്മദ് നബിക്കു ശേഷം ലോകം കണ്ട മഹാന്മാർ ഒന്നുകിൽ അദ്ദേഹത്തിന്റെ അനുയായികളോ അല്ലെങ്കിൽ അസത്യമായ അവകാശവാദങ്ങളില്ലാത്ത സത്യസന്ധരായ മനുഷ്യരോ ആയിരുന്നു. പ്രവാചകന്മാരില്ലെങ്കിലും 'ദൈവങ്ങൾ' ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. മനുഷ്യരുടെ വികലമായ ദൈവസങ്കൽപങ്ങൾ മാത്രമാണ് അതിനു ഉത്തരവാദി.

മുഹമ്മദ് നബി സ്വയം പരിചയപ്പെടുത്തിയത് മനുഷ്യസമൂഹത്തിന്റെ പ്രവാചകനായിട്ടാണ്. തനിക്കു ശേഷം പ്രവാചകനോ ദിവ്യബോധനമോ ഇല്ലെന്നു പറഞ്ഞതും അദ്ദേഹം തന്നെയാണ്. അതുകൊണ്ട് മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണെന്ന വാദം ഒരു സംഘടിത മതത്തിന്റെ നിക്ഷിപ്ത താൽപര്യമായിട്ടല്ല മനസ്സിലാക്കേണ്ടത്. മുഹമ്മദ്നബിക്കു ശേഷം എന്തുകൊണ്ട് പ്രവാചകന്മാർ ആവശ്യമില്ല എന്ന ചോദ്യത്തിന്റെ മറുപടി അന്വേഷിക്കേണ്ടത് അദ്ദേഹത്തിന്റെ അധ്യാപനങ്ങളിലാണ്; ഖുർആനിലും നബിചര്യ(സുന്നത്ത്)യിലുമാണ്.

ഇതര മതഗ്രന്ഥങ്ങളിൽനിന്നു ഭിന്നമായി ഖുർആൻ യാതൊരു മാറ്റവും കൂടാതെ അവതീർണമായ അതേ രൂപത്തിൽ ഇന്നും ലോകത്ത് നിലനിൽക്കുന്നു. അതുപോലെ മുഹമ്മദ് നബിയുടെ ജീവിതവും സന്ദേശവും ചരിത്രത്തിന്റെ പൂർണവെളിച്ചത്തിൽ പ്രശോഭിച്ചുനിൽക്കുന്നു. മുഹമ്മദ് നബിയുടെ ചരിത്രം രേഖപ്പെട്ട പോലെ സൂക്ഷ്മമായും വിശദമായും മറ്റൊരു പ്രവാചകന്റെയും ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എല്ലാ ചരിത്രകാരന്മാരും അംഗീകരിക്കുന്ന കാര്യമാണിത്. മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിന് സാർവലൗകികതയും ശാശ്വതികത്വവും ലഭിക്കുന്നത് അത് അദ്ദേഹത്തിന്റെ കാലഘട്ടത്തെയും അറേബ്യയുടെ ഗോത്രസാഹചര്യത്തെയും അതിജീവിച്ചു എന്നതുകൊണ്ടാണ്. അദ്ദേഹം പ്രബോധനം ചെയ്ത ഇസ്‌ലാം നൂറ്റാണ്ടുകളോളം അറേബ്യക്ക് പുറത്തുള്ള ഒരു ലോകത്തിന്റെ കൂടി സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക ജീവിതത്തിന്റെ അടിത്തറയായി നിലകൊണ്ടു എന്ന ചരിത്ര യാഥാർഥ്യം തന്നെയാണ് ഇതിന് ഏറ്റവും വലിയ തെളിവ്. ഇസ്‌ലാമിന്റെ ഏത് നിയമമാണ് കാലഹരണപ്പെട്ടതെന്നും ഏത് പ്രശ്നത്തിലാണ് ഇസ്‌ലാമിനു മാർഗദർശനം നൽകാൻ കഴിയാത്തതെന്നും തെളിയിക്കാതെ 'അന്ത്യപ്രവാചകൻ' എന്ന മുഹമ്മദ് നബിയുടെ അവകാശവാദത്തെ ചോദ്യം ചെയ്യുന്നത് യുക്തിസഹമായ രീതിയല്ല. അസത്യമായ അവകാശവാദങ്ങൾ ഉന്നയിക്കുകയെന്നത് ഒരു പ്രവാചകന്റെ പദവിക്ക് ചേർന്നതല്ലല്ലോ.

മതത്തെ ഒരു ആധ്യാത്മികാനുഭവം മാത്രമായി കാണുന്നവർക്ക് മുഹമ്മദ് നബിയെ പൂർണമായി മനസ്സിലാക്കാനാവില്ല. അദ്ദേഹം പഠിപ്പിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്ത് മതം ജീവിതത്തിന്റെ സമഗ്രദർശനവും വ്യവസ്ഥിതിയുമാണ്. ആത്മീയ-ഭൗതിക ജീവിതതലങ്ങളെ താളൈക്യത്തോടെ സംയോജിപ്പിച്ചുവെന്നതാണ് ഇസ്‌ലാമിന്റെയും മുഹമ്മദ് നബിയുടെയും ഏറ്റവും ശ്രദ്ധേയമായ സവിശേഷതയായി പല അമുസ്‌ലിം ചിന്തകന്മാരും ദർശിച്ചത്. ആധ്യാത്മികതയിലൂടെ ഭൗതിക ജീവിതത്തെ ശുദ്ധീകരിക്കണമെന്നുതന്നെയാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. പ്രായോഗിക തലത്തിൽ ഏറ്റവും വിജയകരമായി അത് സാധിച്ചെടുത്തുവെന്നതാണ് മുഹമ്മദ് നബിയുടെ അപൂർവത. ഇസ്‌ലാമിലെ ഓരോ അനുശാസനയുടെയും ഉള്ളടക്കം ഈ ഉദ്ദേശ്യത്തെ സാക്ഷാൽക്കരിക്കാനുള്ളതാണ്. ഉദാഹരണത്തിന്, ഏകദൈവത്വ(തൗഹീദ്)മാണ് ഇസ്‌ലാമിന്റെ അടിത്തറ. പക്ഷേ, ഇസ്‌ലാമിന്റെ ഏകദൈവ സങ്കൽപം വിഗ്രഹാരാധനയെ നിഷേധിക്കാൻ മാത്രമുള്ളതല്ല. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും ദൈവത്തെ പരമാധികാരിയായി സ്വീകരിക്കുക എന്നാണ് അതിന്റെ അർഥം. ദൈവികാനുഭവം എന്നാൽ ജീവിതത്തെ ദൈവിക നിയമങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്തുമ്പോൾ ലഭിക്കുന്ന ആത്മനിർവൃതിയാണ്. ആ നിർവൃതിയിലേക്കുള്ള ഉത്തേജകൗഷധങ്ങളാണ് ആരാധനകൾ. ആരാധനകളിൽതന്നെ ബഹുദൈവങ്ങൾ കടന്നുകൂടിയാൽ പിന്നെ ജീവിതത്തിന്റെ കാര്യം പറയാനില്ലല്ലോ.

ആധ്യാത്മികതയെ ഭൗതികതയുടെ അടിത്തറയാക്കിയതോടൊപ്പം ഭൗതിക വ്യവഹാരങ്ങളിൽ സമൂർത്തമായ മാർഗദർശനം നൽകുകകൂടി ചെയ്തു പ്രവാചകൻ. പുതുതായി ഉദ്ഭവിക്കുന്ന പ്രശ്നങ്ങളിൽ വെളിച്ചം വീശാനുതകുന്ന ശാശ്വതമായ അടിസ്ഥാന മാനദണ്ഡങ്ങളും അദ്ദേഹം നൽകി. നന്മയെയും തിന്മയെയും വേർതിരിച്ചുകാണിച്ചുകൊണ്ട് എല്ലാ നല്ലതിനെയും സ്വായത്തമാക്കാൻ അനുയായികളെ പ്രോത്സാഹിപ്പിച്ചു. പുതിയ പുതിയ അറിവുകളെ പ്രവാചകൻ നൽകിയ നന്മയുടെയും ധാർമികതയുടെയും ഉരകല്ലിൽ മാറ്റുരച്ച് സ്വാംശീകരിച്ചുകൊണ്ടാണ് ഇസ്‌ലാമിക നാഗരികത വികാസം പൂണ്ടത്. ഇസ്‌ലാമിക നവോത്ഥാനത്തിന്റെ വഴി ഇനിയും അതുമാത്രമാണ്.

'ദിവ്യബോധനം' (വഹ്‌യ്) ഒരു യാഥാർഥ്യമായി അംഗീകരിക്കാത്തവർക്ക് മുഹമ്മദ് നബിയെ മനസ്സിലാക്കാൻ പ്രയാസമാവും. ദൈവികമായ ഒരു ജ്ഞാനമാർഗത്തെ ഉൾക്കൊള്ളാൻകഴിയാത്ത പല അമുസ്‌ലിം ചരിത്രകാരന്മാരും ഇസ്‌ലാം മുഹമ്മദ് നബി ആവിഷ്കരിച്ചെടുത്ത ആശയസംഹിതയാണെന്നും ഖുർആൻ അദ്ദേഹം രചിച്ചതാണെന്നും തെറ്റുധരിച്ചിട്ടുണ്ട്. മുഹമ്മദ് നബി നിരക്ഷനായിരുന്നുവെന്നത് അനിഷേധ്യമായ ഒരു ചരിത്രസത്യമാണ്. നിരക്ഷരനായ ഒരു മനുഷ്യന് ഒരു അദൃശ്യ ജ്ഞാനമാർഗമില്ലാതെ നിസ്തുലമായ ഒരു ഗ്രന്ഥം എങ്ങനെ രചിക്കാൻ കഴിയും! വെളിപാട് സാക്ഷരമല്ല എന്ന അഭിപ്രായവും അർഥശൂന്യമാണ്. ഖുർആൻ ദൈവത്തിന്റെ സാക്ഷരമായ വെളിപാടാണെന്നതിന് ഏറ്റവും വലിയ തെളിവ് അതിന്റെ അക്ഷരങ്ങൾ തന്നെയാണ്. സത്യാന്വേഷണ മനഃസ്ഥിതിയോടെ ഖുർആൻ പാരായണം ചെയ്യുന്ന ആർക്കും ദൈവത്തിന്റെ സാന്നിധ്യം അതിൽ ദർശിക്കാതിരിക്കാൻ സാധ്യമല്ല. 'ഇത് ദൈവവചനല്ലെന്നു നിങ്ങൾക്കു വാദമുണ്ടെങ്കിൽ ഇതുപോലെയൊന്ന് നിങ്ങൾ കൊണ്ടുവരൂ, ഒരു സൂക്തമെങ്കിലും' എന്ന് ഖുർആൻ സത്യനിഷേധികളെ വെല്ലുവിളിച്ചത് അതിന്റെ അമാനുഷികത ലോകത്തെ ബോധ്യപ്പെടുത്താൻ തന്നെയാണ്. ആ വെല്ലുവിളിക്കുമുമ്പിൽ മനുഷ്യന്റെ സർഗചേതന ഇന്നോളം തോൽവി സമ്മതിച്ചിട്ടേയുള്ളൂ.

വെളിപാട് സാക്ഷരമല്ലെന്നും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നുവെന്നും വാദിക്കുന്നവർ മനുഷ്യർക്ക് ലഭിക്കുന്ന ആധ്യാത്മികാനുഭൂതിയെ പ്രവാചകന്മാർക്ക് ലഭിച്ച ദിവ്യബോധനവുമായി കൂട്ടിക്കുഴക്കുകയാണ് ചെയ്യുന്നത്. സ്വൂഫികളും യോഗികളും സന്യാസിമാരുമൊക്കെയാണ് ഇന്നുള്ളത്. പക്ഷേ, അവരാരും തന്നെ അവർക്ക് ലഭിക്കുന്നുവെന്ന് അവകാശപ്പെടുന്ന ആധ്യാത്മികാനുഭൂതിയെ മുഹമ്മദ് നബി സമർപ്പിച്ചതുപോലുള്ള ഒരു ജീവിതവ്യവസ്ഥയായി സമർപ്പിക്കുകയോ പ്രയോഗത്തിൽ വരുത്തുകയോ ചെയ്യുന്നത് നാം കാണുന്നില്ല. ഒരു ആധ്യാത്മികാനുഭവം എന്നതല്ല ദിവ്യബോധനത്തിന്റെ യാഥാർഥ്യം. മനുഷ്യർക്ക് താത്വികവും പ്രായോഗികവുമായ മാർഗദർശനം നൽകുന്നതിനുവേണ്ടി ഒരു മനുഷ്യനെ ദൈവം തെരഞ്ഞെടുത്ത് അവന്റെ നിയമശാസനകൾ വെളിപാടുകളായി ആ മനുഷ്യന് എത്തിച്ചുകൊടുക്കുകയാണ്. വെളിപാടിന്റെ അക്ഷരങ്ങളിലൂടെയാണ് പ്രവാചകൻ മനുഷ്യ സമൂഹത്തോട് സംസാരിക്കുന്നത്. ദിവ്യബോധനത്തിന്റെ ഭാഷ അതീവസുന്ദരവും അത്യന്തശക്തവുമാണ്. മനുഷ്യമനസ്സിനെ അത് പിടിച്ചുലയ്ക്കും; പക്ഷേ, അവന്റെ രചനാപാടവത്തിന് വഴങ്ങിക്കൊടുക്കുകയില്ല.

മുഹമ്മദ് നബിയെ മനസ്സിലാക്കുമ്പോൾ ഇസ്‌ലാമിന്റെ

ധാർമികാടിത്തറയെക്കുറിച്ച ഏകദേശധാരണയെങ്കിലും ആവശ്യമാണ്. പ്രവാചകൻ വരുത്തിയ പരിവർത്തനത്തെ അദ്ദേഹത്തിന്റെ ധാർമികാധ്യാപനങ്ങളിൽനിന്ന് മാറ്റിനിർത്തി കേവലം സാമ്പത്തികമോ ഭൂമിശാസ്ത്രപരമോ ആയ ഒരു കാഴ്ചപ്പാടിലൂടെ നോക്കുന്നവർക്ക് ആനയെ കണ്ട അന്ധന്മാരുടെ അനുഭവമാണുണ്ടാവുക. മുഹമ്മദ് നബിയെ അറേബ്യയുടെ സാമ്പത്തിക സാഹചര്യങ്ങളുടെ സൃഷ്ടിയായി വിലയിരുത്താൻ ചില ചരിത്രകാരന്മാർ നടത്തിയ ശ്രമം ഈയിനത്തിൽ പെടുന്നു. സാമ്പത്തികേതരമായ പരിവർത്തനശക്തികളെ അംഗീകരിക്കാത്തവർക്ക് മുഹമ്മദ് നബിയെ നന്നെക്കവിഞ്ഞാൽ മാർക്സിനെയോ ലെനിനെയോപോലുള്ള ഒരു വിപ്ലവകാരിയായി അംഗീകരിക്കാൻ കഴിഞ്ഞേക്കും. മാർക്സിനെയും ലെനിനെയും ഏതേത് കാര്യങ്ങളിലാണ് പ്രവാചകൻ നിഷ്പ്രഭനാക്കുന്നതെന്ന് കണ്ടെത്താൻ അവർക്കൊരിക്കലും കഴിയില്ല.

മുഹമ്മദ് നബി ചരിത്രത്തിന്റെ പൂർണ വെളിച്ചത്തിൽ പ്രശോഭിച്ചുനിൽക്കുന്ന പ്രവാചകനാണെന്നു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ ജീവചരിത്രം എല്ലാ വിശദാംശങ്ങളോടും കൂടി രേഖപ്പെടുത്തപ്പെട്ടത് ഒരു ആകസ്മികതയല്ല. മനുഷ്യസമൂഹത്തിന് എന്നെന്നും വഴികാട്ടിയായി ആ ജീവിതം നിലനിൽക്കണമെന്നതാണ് അതിന്റെ പൊരുൾ. കേവലം ഒരു ചരിത്രപുരുഷനല്ല പ്രവാചകൻ. സാഹിത്യകാരന്റെ ഭാവനാവിലാസങ്ങൾക്ക് പന്താടാനുള്ള ഒരു ഇതിഹാസ കഥാപാത്രവുമല്ല. വസ്തുനിഷ്ഠമായ ചരിത്രം നിലനിൽക്കുന്നതുകൊണ്ട് മുഹമ്മദ് നബിയുടെ കാര്യത്തിൽ ഭാവനക്ക് ഇടം വളരെ കുറവാണ്. അതേസമയം ആ വ്യക്തിത്വം ഭാവനാതീതവുമാണ്. സാഹിത്യകാരന്റെ ഭാവന ഉപയോഗിക്കപ്പെടേണ്ടത് പ്രവാചക വ്യക്തിത്വത്തിന്റെ ഉജ്വല ചിത്രം വരക്കാൻ വേണ്ടിയാണ്; ചരിത്രത്തെ നിഷേധിച്ചുകൊണ്ട് ആ വ്യക്തിത്വത്തിനു മേൽ കറുത്ത പാടുകൾ വീഴ്ത്തുന്നതിൽ ആനന്ദം കണ്ടെത്തുന്നവൻ വെളിച്ചം ഊതിക്കെടുത്തി, താനും മറ്റുള്ളവരും ഇരുട്ടിലാവുന്നതുകണ്ട് ആർത്തുചിരിക്കുന്ന വിഡ്ഢിയാണ്.

താൻ ഒരു മനുഷ്യനാണെന്നും തന്നെ ദൈവമാക്കരുതെന്നും ഊന്നിപ്പറഞ്ഞ പ്രവാചകനാണ് മുഹമ്മദ് നബി. ആ പ്രവാചകനെ മനുഷ്യർക്ക് എത്തിപ്പിടിക്കാനാവാത്ത ഒരു തലത്തിൽ പ്രതിഷ്ഠിക്കുകയെന്ന അബദ്ധം മുസ്‌ലിംകൾ ഇന്നു ചെയ്തുവരുന്നുണ്ട്. മനുഷ്യനായിക്കൊണ്ട് തന്നെ പൂർണത കൈവരിച്ചുവെന്നതാണ് മുഹമ്മദ് നബിയുടെ മഹത്വം. പൂർണതയിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തിൽ വഴികാട്ടിയായിത്തീരേണ്ട ആ ജീവിതത്തിൽ അമാനുഷിക പരിവേഷം ചാർത്തിക്കഴിഞ്ഞാൽ പിന്നെ മറ്റു മനുഷ്യർക്ക് അകലെനിന്നുനോക്കി ആരാധിക്കാനേ പറ്റൂ. പ്രവാചകന്റെ അപദാനങ്ങൾ പാടിപ്പുകഴ്ത്തുകയും പ്രായോഗികജീവിതത്തിൽ അദ്ദേഹത്തെ അവഗണിക്കുകയുമാണ് മുസ്‌ലിംകൾ ചെയ്യുന്നത്. സ്വന്തം ജീവിതത്തിലൂടെ പ്രവാചക സന്ദേശം ലോകത്തിന് കാഴ്ചവെക്കേണ്ടതിന് പകരം, പ്രവാചകനും മനുഷ്യസമൂഹത്തിനുമിടയിൽ ഈ സമുദായം ഒരു മറയായിത്തീരുന്നത് എന്തുമാത്രം വേദനാജനകമാണ്!

മുഹമ്മദ് നബി ഒരു മനുഷ്യനാണെന്നു പറയുമ്പോൾ അദ്ദേഹത്തിൽ മാനുഷിക ദൗർബല്യങ്ങൾ ആരോപിക്കാനാണ് ചിലർക്ക് തിടുക്കം. ദൗർബല്യങ്ങളിൽനിന്ന് ഏറ്റവുമധികം മുക്തനായ മനുഷ്യനാണ് മുഹമ്മദ് നബി. അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ച മനുഷ്യസഹജമായ നിസ്സാര വീഴ്ചകളെപ്പോലും ദൈവം അപ്പപ്പോൾ തിരുത്തിയിട്ടുമുണ്ട്. ഇനിയും ആ ജീവിതത്തിൽ ദൗർബല്യങ്ങളന്വേഷിച്ചുനടക്കുന്നത് ക്ഷീരമുള്ള അകിടിൻ ചുവട്ടിലും ചോര മണത്തുനടക്കുന്നതിന് തുല്യമാണ്. പ്രവാചകൻ ജീവിച്ചിരുന്ന കാലത്ത് പ്രതിയോഗികൾ അദ്ദേഹത്തിനെതിരെ ഉന്നയിച്ച എല്ലാ ആരോപണ വിമർശനങ്ങൾക്കും മറുപടി ആ വിശുദ്ധ ജീവിതമായിരുന്നു. ആ ജീവിതം ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്ന കാലത്തോളം ആർക്കുമതിനെ കളങ്കപ്പെടുത്താൻ കഴിയില്ല. യൂറോപ്പിലെ ക്രൈസ്തവ പണ്ഡിതന്മാർ കുരിശുയുദ്ധ മനോഭാവത്തോടെ മുഹമ്മദ് നബിയെ അപകീർത്തിപ്പെടുത്താൻ തുനിഞ്ഞിറങ്ങിയ ഒരു കാലഘട്ടമുണ്ടായിരുന്നു. പക്ഷേ, ആ കാലഘട്ടം കാലത്തിന്റെ ശുദ്ധീകരണപ്രക്രിയയിൽ മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. ഇന്ന് പടിഞ്ഞാറൻ ചരിത്രകാരന്മാർക്ക് ഇസ്‌ലാംമത പ്രവാചകനെക്കുറിച്ച് നല്ലതേ പറയാനുള്ളൂ. ഇപ്പോഴും മുഹമ്മദ് നബിയെ വിമർശിച്ചു നടക്കുന്ന വല്ലവരുമുണ്ടെങ്കിൽ വിരലിലെണ്ണാവുന്ന ഏതാനും യുക്തിവാദികളും രാജാവിനെക്കാൾ രാജഭക്തി കാണിക്കുന്ന ചില റുഷ്ദിമാരും മാത്രമാണ്. അവരുടെ കൈയിലുള്ളതോ ക്രൈസ്തവ മിഷനറിമാർ പണ്ട് നൽകിയ തുരുമ്പെടുത്ത ആയുധങ്ങൾ!

ഇതൊക്കെയാണെങ്കിലും മുഹമ്മദ് നബിയെ ലോകം ഇനിയും വേണ്ടവിധം മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ല. അതിന് പ്രധാന തടസ്സം നേരത്തെ സൂചിപ്പിച്ചതു പോലെ മുസ്‌ലിംകളുടെ ജീവിത രീതിയാണ്. കുരിശുയുദ്ധങ്ങളുടെ ഫലമായി പടിഞ്ഞാറൻ ലോകത്ത് സൃഷ്ടിക്കപ്പെട്ട മുസ്‌ലിം വിരുദ്ധ മനോഭാവമാണ് മറ്റൊരു മുഖ്യഘടകം. പടിഞ്ഞാറ് സാവധാനത്തിലാണെങ്കിലും അതിന്റെ നിലപാട് പുനഃപരിശോധിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും യൂറോപ്യൻ വൈജ്ഞാനിക നവോത്ഥാനത്തിന്റെ ഊർജസ്രോതസ്സിനെ തിരിച്ചറിയേണ്ട വിധം തിരിച്ചറിയാൻ ഇനിയുമതിന് കഴിഞ്ഞിട്ടില്ല. മുസ്‌ലിംകൾ മനസ്സിലാക്കേണ്ട കാര്യം, പടിഞ്ഞാറിനെ കുറ്റംപറഞ്ഞ് സ്വന്തം കർത്തവ്യത്തിൽനിന്ന് ഒളിച്ചോടാൻ അവർക്ക് സാധ്യമല്ലെന്നതാണ്. ഇസ്‌ലാമിനെ ഒരു സാമൂഹിക, രാഷ്ട്രീയ യാഥാർഥ്യമായി പ്രയോഗവൽക്കരിച്ച് അതിന്റെ സദ്ഫലങ്ങൾ ലോകത്തിന് കാണിച്ചുകൊടുക്കാത്ത കാലത്തോളം 'മനുഷ്യന്റെ യഥാർഥ വിമോചനമാർഗം' എന്ന അതിന്റെ അവകാശവാദം ലോകം അംഗീകരിക്കുമെന്ന് കരുതുന്നത് കവിഞ്ഞ ശുഭാപ്തിവിശ്വാസമാണ്. ഇസ്‌ലാമിക നാഗരികതയിൽനിന്ന് വളം വലിച്ചെടുത്താണ് പടിഞ്ഞാറ് ഭൗതികാഭിവൃദ്ധിയിലേക്ക് കുതിച്ചത്. പടിഞ്ഞാറിന്റെ വൈജ്ഞാനിക നേട്ടങ്ങളെ ഉൾക്കൊണ്ട് ഇസ്‌ലാമിക ദർശനത്തിന്റെ മൂശയിൽ വിളക്കിച്ചേർത്തെങ്കിലേ മുസ്‌ലിം ലോകത്തിന് ഇനി അഭിവൃദ്ധിയുള്ളൂ. വിശ്വാസവും വിജ്ഞാനവുമാണ് പുരോഗതിയുടെ അടിത്തറകളായി മുഹമ്മദ് നബി പഠിപ്പിച്ചതെന്ന് മുസ്‌ലിംകൾ അറിയേണ്ടതുണ്ട്. അവരുടെ ഈ അറിവിലൂടെയാണ് ലോകം മുഹമ്മദ് നബിയെ തിരിച്ചറിയുക. ●